**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 550** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിൽ പാലിക്കേണ്ട മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വികസനത്തിന്റെ ഭാഗമായി ഗ്ലാസ് ബ്രിഡ്ജുകൾ നിർമ്മിക്കുമ്പോൾ വിനോദസഞ്ചാര വകുപ്പ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 14-10-2019-ലെ സ.ഉ(കൈ) നം.18/2019/ടൂറിസം പ്രകാരം കേരളത്തിൽ സാഹസിക ടൂറിസം രംഗത്തെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 2019-ൽ കേരള ടൂറിസം - അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി & സെക്യൂരിറ്റി റെഗുലേഷൻസ് അംഗീകരിച്ച് ഉത്തരവായിരുന്നു.<br><br>30/05/2024 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/7259/2023-P9 നമ്പർ നടപടിക്രമം പ്രകാരം, സംസ്ഥാനത്ത് ഡി.ടി.പി.സി., ബി.ആർ.ഡി.സി, ടൂറിസവുമായി ബന്ധപ്പെട്ട മറ്റ് ഏജൻസികൾ എന്നിവയുടെ കീഴിൽ നടത്തിവരുന്ന എല്ലായിനം സാഹസിക ടൂറിസം പ്രവർത്തനങ്ങളുടെ (Land based, Water Based, Aero Based etc.) സുരക്ഷ ഉറപ്പ് വരുത്തേണ്ട ചുമതല കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (KATPS) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയിട്ടുണ്ട്.<br><br>കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ച് നൽകിയ ഫ്ലോട്ടിംഗ് ബ്രിഡ്ജ് കരട് മാർഗ്ഗരേഖ പാലിച്ചാണ് ഫ്ലോട്ടിംഗ് ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. വാഗമണിലെ ഗ്ലാസ്സ് ബ്രിഡ്ജ് 2019- ലെ "കേരള ടൂറിസം അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി & സെക്യൂരിറ്റി റെഗുലേഷൻസ്" നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.<br><br>ഇതിനുപുറമേ ഗ്ലാസ് ബ്രിഡ്ജുകളുടേയും ഫ്ലോട്ടിംഗ് ബ്രിഡ്ജുകളുടേയും പൊതുവായ സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച് എൻ.ഐ.ടി മുഖേന |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വാഗമണ്ണിലും വയനാട്ടിലും നിർമ്മിച്ച ഗ്ലാസ് ബ്രിഡ്ജുകളിൽ പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ